**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 729

14.01.2021 ലെ മറുപടിയ്ക്ക്.

## <u>വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി പദ്ധതികൾ</u>

| **<u>ചോദ്യം</u>**<br>**ശ്രീ. വി .എസ്. ശിവകുമാർ :** | | **<u>ഉത്തരം</u>**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി – പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിലധി കരിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്നപേരിൽ ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽഐസി ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളായി താഴെ പറയുന്ന പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01/04/2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
| --- | --- | --- |
| 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.<br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവെയ്പ്പുകൾ എടുത്തിരിക്കണം. | 39,000/- | I |
| 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം.<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം<br>കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവെപ്പുകൾ എടുത്തിരിക്കണം. | 36,000/- | II |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. | 33,000/- | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് | | |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr>
<td>പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെട്ടുത്തിയത് ഹാജരാക്കണം.</td>
<td>30,000/-</td>
<td>IV</td>
</tr>
</table>
പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക വിദ്യാഭ്യാസ മേഖലയിൽ നിന്നും അവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ വിശദാംശങ്ങൾ. ഈ പദ്ധതി 01-04-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പ് എൽഐസി ഓഫ് ഇന്ത്യ മുഖേന 1,38,000/- രൂപ സർക്കാർ വിഹിതമായി നാല് ഗഡുക്കളായി അടച്ചാണ് ഇൻഷ്വർ ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് രണ്ടു വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവെപ്പ് എടുത്ത് രേഖകൾ ഹാജരാക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000/- രൂപയും അഞ്ച് വയസ്സ് പൂർത്തിയായി സ്കൂളിൽ / അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000/- രൂപയും പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000/-രൂപയും 10-ാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ 10,000/- രൂപയും ധനസഹായമായി നൽകുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സംഗ്രാൻഡ്
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ആയി ടി കുട്ടിക്ക് നൽകുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യങ്ങളുംനൽകുന്നു.<br><br>1. അപകട മരണം; നാല് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു.<br>2. സാധാരണ മരണം; ആണെങ്കിൽ രണ്ട് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു.<br>3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ നൽകുന്നു.<br><br>ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.<br><br>1. അപകടം മൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ രണ്ടു ലക്ഷം രൂപ ലഭിക്കുന്നു.<br>2. അപകടം മൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപ ലഭിക്കുന്നു. |
| (ബി) | ഈ പദ്ധതികളിലൂടെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയെന്ന് വെളിപ്പെടുത്താമോ; | (ബി) | പട്ടികജാതിയിൽപ്പെട്ട 12121 കുട്ടികൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആദ്യഗഡു തുകയായ 39,000/-രൂപ നിരക്കിൽ 47,27,19,000/- രൂപ എൽഐസിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗത്തിൽപ്പെട്ട 2088 പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട് . |
| (സി) | ഈ പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ; | (സി)<br><br>&<br><br>(ഡി) | കേന്ദ്രസഹായം ലഭ്യമല്ല |
| (ഡി) | 2016-ന് ശേഷം ഈ പദ്ധതികൾക്കായി കേന്ദ്രസർക്കാർ എന്ത് തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 729** **14-01-2021 - ൽ മറുപടിയ്ക്ക്**

**വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിലധി കരിക്കാത്ത പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്നപേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽഐസി ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളായി താഴെ പറയുന്ന പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01/04/2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. 2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവെയ്പ്പുകൾ എടുത്തിരിക്കണം. 39,000/- I 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം. 2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവെപ്പുകൾ എടുത്തിരിക്കണം. 36,000/- II അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. 33,000/- III പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം |

| | | | |
|---|---|---|---|
| | | | പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെട്ടുത്തിയത് ഹാജരാക്കണം. 30,000/- IV പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക വിദ്യാഭ്യാസ മേഖലയിൽ നിന്നും അവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ വിശദാംശങ്ങൾ. ഈ പദ്ധതി 01-04-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പ് എൽഐസി ഓഫ് ഇന്ത്യ മുഖേന 1,38,000/- രൂപ സർക്കാർ വിഹിതമായി നാല് ഗഡുക്കളായി അടച്ചാണ് ഇൻഷ്വർ ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് രണ്ടു വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവെപ്പ് എടുത്ത് രേഖകൾ ഹാജരാക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000/- രൂപയും അഞ്ച് വയസ്സ് പൂർത്തിയായി സ്കൂളിൽ / അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000/-രൂപയും പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി 4–ാംക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000/-രൂപയും 10–ാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ 10,000/- രൂപയും ധനസഹായമായി നൽകുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സംഗ്രാൻഡ് ആയി ടി കുട്ടിക്ക് നൽകുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യങ്ങളുംനൽകുന്നു. 1. അപകട മരണം; നാല് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു. 2. സാധാരണ മരണം; ആണെങ്കിൽ രണ്ട് ലക്ഷം രൂപ അനന്തരാവകാശികൾക്ക് നൽകുന്നു. 3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ നൽകുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു. 1. അപകടം മൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ രണ്ടു ലക്ഷം രൂപ ലഭിക്കുന്നു. 2. അപകടം മൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപ ലഭിക്കുന്നു. |
| (ബി) | ഈ പദ്ധതികളിലൂടെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് | (ബി) | പട്ടികജാതിയിൽപ്പെട്ട 12121 കുട്ടികൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആദ്യഗഡു തുകയായ 39,000/-രൂപ നിരക്കിൽ 47,27,19,000/- രൂപ |

| | | | |
|---|---|---|---|
| | ഇൻഷ്വറൻസ് പരിരക്ഷ നൽകിയെന്ന് വെളിപ്പെടുത്താമോ; | | എൽഐസിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ട 2088 പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട് . |
| (സി) | ഈ പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ; | (സി) | കേന്ദ്രസഹായം ലഭ്യമല്ല |
| (ഡി) | 2016-ന് ശേഷം ഈ പദ്ധതികൾക്കായി കേന്ദ്രസർക്കാർ എന്ത് തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രസഹായം ലഭ്യമല്ല |

സെക്ഷൻ ഓഫീസർ